**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 982** **24-02-2022 - ൽ മറുപടിയ്ക്ക്**

**മണ്ണും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിൽ 2021 ഒക്ടോബർ മാസമുണ്ടായ പ്രളയത്തിൽ മീനച്ചിലാർ, മണിമലയാർ, പമ്പ, പുല്ലകയാർ, അഴുതയാർ, എരുമേലി വലിയതോട് എന്നീ നദികളിലും അവയുടെ പോഷക നദികളിലും ചെക്ക് ഡാമുകളിലും നദികളോടനുബന്ധിച്ചുള്ള കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സുകളിലും അടിഞ്ഞുകൂടിയ മണ്ണും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | 2021 ഒക്ടോബർ മാസത്തിലുണ്ടായ പ്രളയത്തിൽ പൂഞ്ഞാർ മണ്ഡലത്തിലൂടെ ഒഴുകുന്ന മണിമലയാറിന്റെ ഭാഗത്ത് അടിഞ്ഞു കൂടിയ മാലിന്യം, തടികൾ, മുളങ്കാട്ടുകൾ എന്നിവ നീക്കം ചെയ്യുന്നതിലേയ്ക്കായി 12.40 ലക്ഷം രൂപയുടെ 8 പ്രവൃത്തികൾ ക്രമീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. കൊക്കയാർ നദി പുല്ലക്കയാറിലേയ്ക്ക് ചേരുന്ന ഭാഗത്ത് പ്രളയത്തിനു ശേഷം അടിഞ്ഞുകൂടിയ മണ്ണും ചെളിയും മറ്റ് മാലിന്യങ്ങളും ജനപ്രതിനിധികളുടെ ആവശ്യ പ്രകാരം നീക്കം ചെയ്തിട്ടുണ്ട്. കൂടാതെ മണിമലയാർ, പുല്ലക്കയാർ, അഴുതയാർ എന്നീ നദികളിൽ അടിഞ്ഞുകൂടിയിരിക്കുന്ന മണ്ണും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് ആവശ്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു. ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 11/01/2022-ൽ കൂടിയ മീറ്റിംഗിൽ ആവശ്യപ്പെട്ടതിൻ പ്രകാരം കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട ചെക്ക് ഡാമുകളിലും ജലസ്രോതസ്സുകളിലും അടിഞ്ഞു കൂടിയ മണ്ണും ചെളിയും അടിയന്തിരമായി നീക്കം ചെയ്യുന്നതിനായുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്. കൂടാതെ മേൽ നദികൾ സ്രോതസ്സായ ശുദ്ധജല പദ്ധതികളുടെ കിണറുകളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്ത് പമ്പിംഗ് താൽക്കാലികമായി പുനസ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | മണ്ണും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യുന്ന പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (ബി) | തോടുകളിൽ അടിഞ്ഞു കൂടിയിരിക്കുന്ന മണ്ണും ചെളിയും അടിയന്തിരമായി നീക്കം ചെയ്യുന്നതിനായി വിവിധ പഞ്ചായത്തുകളിലെ MGNREGS–നെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. MGNREGS വഴി നടപ്പിലാക്കാൻ സധിക്കാത്തിടത്ത് വകുപ്പുതല ഫണ്ട് ക്രമീകരിച്ച് |

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾ നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **Emergency Works for the removal of accumulated debris under various bridges in Manimala river during FLOOD 2021 Poonjar constituency** | | | | | | |
|---|---|---|---|---|---|---|
| **Sl no** | **Name of work** | **Tentative Amount in lakh** | **Constituency** | **District** | **Emergency of work** | **Status of work** |
| 1 | Floods 2021-Emergency work-Emergy removal of debris and obstructions at U/S ,D/S and under **Mlakkara bridge** | 0.50 | Poonjar | kottayam | do | Completed |
| 2 | Floods 2021-Emergency work-Emergy removal of debris and obstructions at U/S ,D/S and under **Velankanni palli bridge** | 0.20 | Poonjar | kottayam | do | Completed |
| 3 | Floods 2021-Emergency work-Emergy removal of debris and obstructions at U/S ,D/S and under **Elamkadu bridge Ch.6/000, Manimala river** | 1.00 | Poonjar | kottayam | do | Completed |
| 4 | Floods 2021-Emergency work-Emergy removal of debris and obstructions atU/S ,D/S and unde **Njarikkadu bhagom** bridge Ch.6/600, Manimala river | 1.50 | Poonjar | kottayam | do | Completed |
| 5 | Floods 2021-Emergency work-Emergy removal of debris and obstructions at U/S ,D/S and under **Yendhayar bridge** Ch.8/600, Manimala river | 2.00 | Poonjar | kottayam | do | Completed |
| 6 | Floods 2021-Emergency work-Emergy removal of debris and obstructions at **Kanakapuram foot bridge Ch.9/500, Manimala river** | 1.20 | Poonjar | kottayam | do | Completed |
| 7 | Floods 2021-Emergency work-Emergy removal of debris and obstructions at U/S ,D/S and under **Kuttiplangadu bridge** Ch.14/300, Manimala river | 3.50 | Poonjar | kottayam | do | Completed |
| 8 | Floods 2021-Emergency work-Emergy removal of debris and obstructions at U/S ,D/S and under **Chappathu bridge & Checkdam** Ch.15/500, Manimala river | 2.50 | Poonjar | kottayam | do | Completed |
| | **Total** | **12.40** | | | | |